(ബി) ഉണ്ട്.

(സി&ഡി) കർഷകർക്ക് വേണ്ട സമയത്ത് സാങ്കേതിക വിജ്ഞാനം പകരുന്നതിനും വിവരങ്ങൾ ധരിപ്പിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും കൃഷിഭവൻ ഉദ്യോഗസ്ഥർ പരിശ്രമിക്കുന്നുണ്ട്.

കൃഷി വകുപ്പിനായി വകയിരുത്തിയ തുകയുടെ വിനിയോഗം

100 (5449) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കൃഷി വകുപ്പിനായി വകയിരുത്തിയ തുകയെത്രയെന്നും പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കായി എത്ര വീതം വിനിയോഗിക്കാൻ തീരുമാനിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി 31-3-2015-വരെ വിനിയോഗിക്കപ്പെട്ട തുകയെത്രയെന്ന് വിശദമാക്കാമോ ;

(സി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ തുക ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കൃഷി വകുപ്പിൽ പദ്ധികൾക്കായി ആകെ 103898.78 ലക്ഷം രൂപയാണ് വകയിരുത്തിയത്. ഇതിൽ വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികൾക്കായി നീക്കിവച്ച തുകയും അവയുടെ വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. അഗ്രിമാൾ സ്ഥാപിക്കൽ, കർഷക ക്ഷേമ ബോർഡ്, കെ.എസ്.ഡബ്ല്യു.എച്ച്.സി., സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ എന്നീ പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ തുക നീക്കിവച്ചിരുന്നുവെങ്കിലും മതിയായ വിഭവ ലഭ്യതയുടെ അഭാവത്താൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചില്ല.

കൃഷി ഓഫീസർമാരുടെ ഒഴിവുകളും കാർഷിക വിളകളുടെ നാശനഷ്ടവും

101 (5450)ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly